DESPATCHED
On 18/12/21...

05/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ CP.No.489(5)/21/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 7047/SIC-G7/2021**

**സന്നിഹിത**
**ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. മനോ ജോർജ്,**
**വെള്ളുക്കുന്നേൽ ഹൗസ്, ചേറ്റുതോട് പി.ഒ,**
**കാളകെട്ടി, കോട്ടയം – 686 508.** — **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**ചൈൽഡ് വെൽഫെയർ കമ്മിറ്റി ഓഫീസ്,**
**കാക്കനാട്, എറണാകുളം – 682 003.** — **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 22.04.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | Nil |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.06.2021 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 05.07.2021 |
| ഹിയറിംഗ് തീയതി, സ്ഥലം | 23.10.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>എതിർകക്ഷി<br>പരാതി ഹർജിക്കാരൻ | <br>ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പ് പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ.മനോ ജോർജ്, 28.06.2021-ൽ സമർപ്പിച്ച പരാതി ഹർജി 05.07.2021-ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No.489(5)/21/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലെന്നും ആയതിനാൽ കൃത്യമായ മറുപടി ലഭ്യമാക്കണമെന്നുമാണ്.

3. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം പരാതി ഹർജിക്കാരൻ 22.04.2021-ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ടിരുന്നത്, ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ പരാതി നൽകിയവർ ഏതെങ്കിലും കോടതി കേസ് നടത്തുന്നുണ്ടെങ്കിൽ ആ കോടതി ഈ സ്ഥാപനത്തിലേയ്ക്ക് നിയമാനുസൃതമായി അറിയിച്ചതിൽ ആ പരാതിയിലും, പരാതിക്കാരെയും എതിർകക്ഷികളെയും വിളിച്ചുവരുത്തി മൊഴി പകർപ്പുകളും അതിന്മേൽ ചൈൽഡ് വെൽഫെയർ എടുത്ത കേസുകളും റിപ്പോർട്ടുകളും കോടതിയിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ടോ ഉണ്ടെങ്കിൽ അത് ഏത് വകുപ്പ് പ്രകാരമാണ് എന്നുമായി ബന്ധപ്പെട്ട് 10 വിവരങ്ങളായിരുന്നു.

4. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതനുസരിച്ച് 23.10.2021 ൽ ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും ടെലഫോൺ മുഖാന്തിരം നടന്ന നേർവിചാരണയിൽ അപ്പീൽ ഹർജിക്കാരൻ ഹാജരാകുകയും ചെയ്തു. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (എസ്.പി.ഐ.ഒ) ഹാജരായിരുന്നില്ല.

5. ഒരു സ്ഥാപനം അല്ലെങ്കിൽ സംഘടന വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരണമെന്നുണ്ടെങ്കിൽ അത് പ്രസ്തുത നിയമത്തിലെ 2(h) വകുപ്പിൽ നിർവചിച്ചിരിക്കുന്ന പൊതു അധികാര സ്ഥാനത്തിന്റെ നിർവചനത്തിൽ വരേണ്ടതുണ്ട്. സെക്ഷൻ 2(h) പ്രകാരം ഭരണ ഘടനയിൽ കൂടിയോ, പാർലമെന്റോ, സംസ്ഥാന നിയമസഭകളോ പാസ്സാക്കിയിട്ടുള്ള നിയമം മുഖേന സ്ഥാപിതമായതോ, സർക്കാരിന്റെ ഉടമസ്ഥതയിലും, പൂർണ്ണ നിയന്ത്രണത്തിലും, ഗണ്യമായ സാമ്പത്തിക സഹായത്തിലുമുള്ള സ്ഥാപനങ്ങളോ, സർക്കാരിൽ നിന്നും ഗണ്യമായ സാമ്പത്തിക സഹായം ലഭിക്കുന്ന സർക്കാർ ഇതര സ്ഥാപനങ്ങളോ ആണെങ്കിൽ മാത്രമെ പൊതു അധികാര സ്ഥാനത്തിന്റെ നിർവചനത്തിൽ വരികയുള്ളൂ. ചൈൽഡ് വെൽഫയർ കമ്മിറ്റിയ്ക്ക് സർക്കാരിൽ നിന്നും യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. ചൈൽഡ് വെൽഫയർ കമ്മിറ്റി വിവരാവകാശ നിയമത്തിന്റെ പരിധിയിൽ

വരുന്നതല്ലെങ്കിൽകൂടി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ ടി പരാതി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ മാസം 5-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

JN